
# മലയാളത്തിന്റെ കൊടി



VOL. 4

തിരുക്കുടുംബത്തിന്റെ ചാവറ കുറിയാക്കോസ് ഏലിയാസ്

150 Death Anniversary



## കത്തോലിക്കരുടെ ആദ്യ പാഠശാല

1846 -ൽ മാന്നാനത്തു ചാവറ അച്ചൻ സംസ്കൃത സ്കൂൾ ആരംഭിക്കുന്നു. ചാവറ അച്ചൻ മാന്നാനത്ത് ആരംഭിച്ച് നടത്തിവന്ന സംസ്കൃത വിദ്യാലയത്തെപ്പറ്റി ബഹു. പാറപ്പുറത്ത് വർക്കിഅച്ചൻ ഇപ്രകാരം എഴുതിയിരിക്കുന്നു.

"ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോട് ചേർന്ന് ഒരു സംസ്കൃത സ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിലെ വൈദികരും സമീപമുള്ള സ്ഥലങ്ങളിൽ നിന്നും കുട്ടികളും ചേർന്ന് പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശ്ശൂരിൽ നിന്നും വാര്യര് ജാതിയിൽപ്പെട്ട ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാൾ മലയാള ഭാഷയിലും സംസ്കൃത ഭാഷയിലും വളരെ സമർത്ഥനായിരുന്നു.

1865 -ൽ ചാവറ അച്ചൻ സുറിയാനിക്കാരുടെ വികാരി ജനറാൾ ആയിരുന്ന കാലത്ത്, വിദ്യാഭ്യാസ പ്രചാരാർത്ഥം അയച്ച ഒരു കല്പ്പന മലങ്കര സഭയെ വിദ്യാഭ്യാസ പ്രബുദ്ധമാക്കാനുള്ള ആദ്യത്തെ കൃത്യമായിരുന്നു.

"മാന്നാനത്ത് ഈ കുന്നേൽ സ്കൂൾ പണി തുടങ്ങുകയും ആർപ്പൂക്കര തുരുത്ത്മാലിയുടെ കുന്നേൽ പുലയര് മാർഗം കൂടുന്നവർക്ക് കപ്പേളയും അതോടു ചേർത്തു സ്കൊളയും പണിയുന്നതിനു സ്ഥലം കണ്ടു നിശ്ചയിച്ചു. പള്ളികളിൽ നിന്നും പ്രമാണികളിൽ നിന്നും വീതം എടുത്തു സമീപേ പതിനേഴര പറക്ക് പുഞ്ചപ്പാടം തീറു എഴുതി. മാന്നാനം കൊവേന്തയിൽ നിന്നും നടത്തണമെന്ന് കല്പ്പനയും കൊടുത്തു. ഇടവകകൾ തോറും പള്ളിക്കൂടങ്ങൾ ആരംഭിക്കണമെന്നും അല്ലാത്ത പക്ഷം പള്ളിമുടക്ക് കല്പ്പിക്കുമെന്നും സർക്കുലറിൽ പറഞ്ഞിരിക്കുന്നു'. ( മാന്നാനം നാളാഗമം, Vol. 3, page 90 )



നീരസങ്ങളെക്കുറിച്ച് പകരം വീഴ്ച ചെയ്യാൻ മൃഗങ്ങൾക്കു കൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരംവയ്ക്കാതെ പൊറുക്കുന്നതു മഹാശക്തിയും, വിവേകവും, അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു.

സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള സംഗതികളേക്കുറിച്ചായിരുന്നാലും കോടതിയിൽ പോകാതിരിക്കുകയായിരുന്നു നന്ന് എന്ന് പിന്നീട് പറയുവാൻ ഇടയാക്കുകയും ചെയ്യും. കോടതിയിൽ പോയതിനെക്കുറിച്ച് ഒരിക്കലും ഒരുത്തനെങ്കിലും ഉപകാരമോ, സന്തോഷമോ ഉണ്ടായിട്ടില്ല. കോടതി കയറിയാൽ നിങ്ങളുടെ സന്തോഷം, സമാധാനം, സമ്പത്ത് ഇവ നശിക്കും.



## ചാവറയച്ചനും ശുദ്ധീകരണസ്ഥല ചിന്തകളും

വലിയ ഒരു നഗരത്തിലെ പ്രഭു മനോഹരമായ ഒരു മാളിക തീർത്തു. അയാളുടെ മരണ ശേഷം ആ മാളികയിൽ അയാളുടെ പുത്രൻമാർക്ക് പാർക്കാൻ കഴിഞ്ഞില്ല.
രാത്രിയിൽ ഘോര സ്വരങ്ങളും തീയും പ്രത്യക്ഷപ്പെട്ടു. അതുകൊണ്ട് എല്ലാവരും ആ സ്ഥലം ഉപേക്ഷിച്ചു. ഭക്തനായ ഒരു ക്രിസ്ത്യാനി ഈ സ്ഥലം വാങ്ങി. പഴയ അനുഭവങ്ങൾ അവിടെ തുടർന്നു. അടുത്തുള്ള സന്യാസാശ്രമത്തിലെ മണിയൊച്ച കേട്ടപ്പോൾ ഭീകര ശബ്ദം നിലക്കുന്നതും ഒരു കബർ മാഞ്ഞു പോകുന്നതും പുതിയ ഉടമസ്ഥൻ കണ്ടു. ശുദ്ധീകരണ സ്ഥലത്തെ ആത്മാവിനെ മോചിപ്പിച്ചാൽ പ്രശ്നം അവസാനിക്കുമെന്ന് മനസ്സിലാക്കിയ വീട്ടുടമ വേണ്ടത്ര ദാന ധർമ്മങ്ങൾ ചെയ്തു. അതോടെ മാളിക വാസ യോഗ്യമായി.

വിശുദ്ധ മറിയം മഗ്ദലേന ദെപാസീസ് എന്ന പുണ്യവാളത്തിയുടെ മരണത്തിനു അല്പം മുമ്പ് ഒരു പട്ടക്കാരൻ വിശുദ്ധയുടെ മുറിയിൽ പ്രാർഥിക്കുവാൻ കടന്നുചെന്നു.
പുണ്യവാളത്തിയുടെ കട്ടിലിനു അടുത്തപ്പോൾ പുണ്യവാളത്തിയുടെ ഞടുക്കം കൊണ്ട് കട്ടിലും മുറിയും കൂടി വിറക്കുന്നതു കണ്ടു. എന്തെ അമ്മേ ഇതിൻവണ്ണം ഞടുങ്ങുന്നതു എന്നു പട്ടക്കാരൻ ചോദിച്ചത്തിനു; 'എന്റെ അച്ചാ, സൃഷ്ടിച്ച ഉടയതമ്പുരാന്റെ തിരുമുമ്പിൽ വിധിക്കു നില്ക്കപ്പെടുന്നത് എത്രയോ വലിയ ഭയങ്കരമുള്ളകാര്യമാകുന്നു' എന്ന് പുണ്യവാളത്തി കരഞ്ഞുകൊണ്ട് ഉത്തരിച്ചു. അപ്പഴോ, മഹാ പുണ്യമുള്ളവർക്ക്കൂടെ ഇത്ര ഭയപ്പെടുമ്പോൾ മഹാ പാപികളായിരിക്കുന്നവർ മരണനേരത്തു എങ്ങനെ ആയിരിക്കും.




## ചാവറയച്ചൻ പറഞ്ഞ കഥകൾ

കർത്താവു തന്നെ ദീനക്കാരുടെ വേഷത്തിൽ ചിലർക്കു കാണുകയും ഇവരുടെ കയ്യിലുള്ള ശുശ്രൂഷകൾ അപേക്ഷിക്കുകയും ചെയ്യും. ഇതു പലർക്കും സംഭവിച്ചിട്ടുള്ളതത്ര. ശു. അഞ്ചുകായം പ്രംസിസ്‌ക്കോസ് എന്ന പുണ്യവാളൻ കുതിരപ്പുറത്തു കയറിപ്പോകുമ്പോൾ ആ വഴിയിൽ മുഖമെല്ലാം പഴുത്തു ചലം ഒലിച്ചിരിക്കുന്ന ഒരു ദീനക്കാരൻ പുണ്യവാനോടു അനുഗ്രഹം അപേക്ഷിച്ചു. അപ്പോൾ പുണ്യവാൻ പണമെടുത്തു നീട്ടി. 'പണം എനിക്കുവേണ്ട എന്റെ ഈ മഹാനൊമ്പരമുള്ള മുറിവിൽ തന്റെ നാവുകൊണ്ട് നക്കിയാൽ എനിക്കു കുറെ ആശ്വാസം ഉണ്ടാകും. ആയതു ചെയ്താൽ കൊള്ളാം'. ഇത് കേട്ടാറെ, പുണ്യവാളൻ കുറേ മടിച്ചു. എങ്കിലും ധൈര്യപ്പെട്ടു കുതിരപ്പുറത്തുനിന്നിറങ്ങി നാക്കു നീട്ടുവാൻതുടങ്ങിയപ്പോൾ ദീനക്കാരനെ കണ്ടില്ല. ആ വഴിയത്രെ അദ്ദേഹം വലിയ പുണ്യവാനായത്.



# ചാവറയച്ചൻ പറഞ്ഞ കഥകൾ

ഒരു ദിക്കിൽ അന്യവസ്തുക്കളെ അന്യായമായി അപഹരിച്ച് ദ്രവ്യസ്ഥനായിത്തീർന്ന ഒരു ഗൃഹസ്ഥനുണ്ടായിരുന്നു. അവൻ ദീനമായി മരിക്കാറായപ്പോൾ തന്റെ വസ്തുക്കൾ ഭാഗം ചെയ്യുവാൻ രായസക്കാരനെ വിളിച്ചുവരുത്തി ഇപ്രകാരം എഴുതുവാൻ പറഞ്ഞു: 'എന്റെ ആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു'. ഇതു കേട്ടപ്പോൾ മക്കൾ; 'അപ്പാ, അപ്പൻ മന്ദം പറയുന്നോ' എന്നു ചോദിച്ചു. അപ്പോൾ ദീനക്കാരൻ 'ഇല്ലാ, ഇല്ലാ, മക്കളേ, എനിക്ക് നല്ല ബോധമുണ്ട് ഞാൻ പറയുന്നതു എഴുതട്ടെ. എന്റെ ആത്മത്തേയും അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തേയും പിശാചിനു കൊടുക്കുന്നു, എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളേയും ഞാൻ പിശാചിനു ഏല്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കുവേണ്ടിയാകുന്നു അന്യന്മാരുടെ വസ്തുക്കളെ അപഹരിച്ചത്' എന്നു പറഞ്ഞു നിർഭാഗ്യമായി അന്ത്യശ്വാസം വിടുകയും ചെയ്തു.




**ഭദ്രൻ ( ചലച്ചിത്ര സംവിധായകൻ )**

മാന്നാനം പള്ളി കേന്ദ്രീകരിച്ച് ഒരു സിനിമ ചിത്രീകരിക്കണമെന്നതു എന്റെ ഒരു മോഹമായിരുന്നു. അതു നടന്നത് 'സ്ഫടികം' എന്ന ചിത്രത്തിന്റെ ചിത്രീകരണ സമയത്താണ്. ചിത്രത്തെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയപ്പോൾ തന്നെ മാന്നാനം പള്ളിയാണ് എന്റെ മനസ്സിൽ വന്നത്. ചാവറ അച്ചന്റെ അനുഗ്രഹം ഉള്ള പള്ളി. സിനിമയുടെ ആദ്യ ഷോട്ട് എടുത്തത് പള്ളിക്കുള്ളിൽ വച്ചാണ്. എന്റെ വലിയ ആഗ്രഹവുമായിരുന്നു അതു. ചിത്രത്തിന്റെ ചിത്രീകരണം തുടങ്ങുന്നതിനു മുമ്പ്, ഞങ്ങൾ പ്രത്യേക കുർബാന നടത്തി. എല്ലാ യുണിറ്റ് അംഗങ്ങളും പങ്കെടുത്തു. ചാവറ അച്ചന്റെ അനുഗ്രഹമാവാം കാര്യമായ യാതൊരു തടസ്സവും കൂടാതെ ചിത്രീകരണം പൂർത്തിയാക്കി. നല്ല ചിത്രങ്ങളിൽ ഒന്നായി സ്ഫടികം മാറുകയും ചെയ്തു.



**ശ്രീ ഐ സി ചാക്കോ**

അര ശതാബ്ദ കാലത്തോളം സുറിയാനി കത്തോലിക്കരുടെ കേന്ദ്രമായിരുന്നു മാന്നാനം. തൃശ്ശൂർ മുതൽ ചങ്ങനാശ്ശേരി വരെയുള്ള കത്തോലിക്കരുടെ അഭിമാന സ്തംഭം നിന്നിരുന്നത് മാന്നനത്താണ്.



# നല്ല കുടുംബം

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വിശുദ്ധിയ്ക്കുള്ള അണിയറ സ്വന്തം കുടുംബമായിരുന്നു. ഭക്തയും ശാലീനയുമായ സ്വമാതാവിന്റെ ശിക്ഷണത്തിൽ വളരാൻ ഇടയായതിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവത്തിന് ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തുന്നുണ്ട്, ആത്മാനുതാപം എന്ന പ്രസിദ്ധമായ കാവ്യകൃതിയിൽ.

പൈതൽക്കാലത്തിൽ തീറ്റിവളർത്തുവാൻ
അയ്യം കൂടാതെ തന്നു മാതാവിനെ
അന്നവൾക്കുനീ നൽകിയ സ്നേഹത്താൽ
അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചു തന്നവൾ
ദൃഢംവന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം
അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തേയും

*(ആത്മാനുതാപം 1: 45–54)*



## പ്രിയോർ മാവ്:

ഏറെ പ്രസിദ്ധവും, സ്വാദും, രുചിയുമുള്ള ഒരു മാമ്പഴമാത്രേ പേരയ്ക്ക മാങ്ങാ. ഇതിനു പ്രിയോർ മാങ്ങാ എന്നു കൂടി പേരുണ്ട്. ചാവറ അച്ചനു ആരോ സമ്മാനിച്ച മാബഴങ്ങളുടെ വിത്തുകൾ ചാവറ അച്ചൻ കൂനംമാവിൽ നട്ടുവളർത്തിയിരുന്നു. ഇതിൽ നിന്നും ലഭിച്ച മാമ്പഴങ്ങൾ താൻ സ്ഥാപിച്ച ആശ്രമങ്ങളിലൂടെയും മഠങ്ങൾ വഴിയും പ്രചരിച്ചു. ചാവറ അച്ചന്റെ മരണ ശേഷം ചാവറ അച്ചൻ നട്ടുപിടിപ്പിച്ച മാവ് എങ്ങനെയോ ഉണങ്ങിപ്പോവുകയും അധികാരികൾ മാവിന്റെ തടി വട്ടത്തിൽ മുറിച്ച് എല്ലാ ആശ്രമങ്ങളിലും എത്തിച്ചു കൊടുക്കുകയും ചെയ്തു. കൂനംമാവിലെ മഠത്തിലേക്ക് ചാവറ അച്ചൻ എഴുതുന്നത് "ഇത് ഇന്ത്യയിൽ ഉള്ളതിൽ വച്ച് ഒന്നാം തരം, നല്ല മൂപ്പകയാൽ ഒന്നിന്റെ മുഖം കൂടുതൽ പഴുത്തു പോയി. എങ്കിലും നിങ്ങൾ ഇതിന്റെ രുചി അറിഞ്ഞു കിളിപ്പിച്ചു ഉണ്ടാക്കുവാനായി കൊടുത്തയക്കുന്നു. എന്നാൽ തെരിതായിട്ടു അൽപ്പം തൊലി ചെത്തിക്കളഞ്ഞിട്ടു പൂളി എല്ലാവർക്കും കൊടുക്കുക"



**1831** - മുതലുള്ള കാലഘട്ടങ്ങളിൽ, വിശുദ്ധ കുർബാന മദ്ധ്യേ ഉള്ള പ്രസംഗങ്ങൾ, വൈദികർക്കും, വിശ്വാസികൾക്കും ഉള്ള വാർഷിക ധ്യാനം തുടങ്ങിയവ ചാവറ അച്ചൻ നടപ്പിലാക്കിത്തുടങ്ങി.

**1832** -ൽ ചാവറ അച്ചൻ പള്ളിപ്പുറം പള്ളി ഇടവക വികാരിയായി നിയോഗിക്കപ്പെട്ടു.

പള്ളിപ്പുറത്ത് പള്ളിയിൽ വികാരി ആയിരിക്കയിൽ കഠിനമായ വസൂരി ബാധിച്ചിരുന്ന ഒരാൾക്ക് അന്ത്യ കൂദാശകൾ കൊടുക്കുന്നതിനായി ചാവറ അച്ചൻ പുറപ്പെട്ടപ്പോൾ പലരും അദ്ധേഹത്തെ മുടക്കുകയുണ്ടായി. എങ്കിലും "ഇത് എന്റെ കടമ, തമ്പുരാൻ സഹായിക്കും' എന്നു പറഞ്ഞുകൊണ്ട് പോവുകയാണുണ്ടായത്.

**1849** -ൽ മാന്നാനം ആശ്രമത്തിലെ വൈദികാരെ അഭിവന്ദ്യ ലുദവിക് മർട്ടീനി മെത്രാൻ 'ബൈബിൾ വചന പ്രഘോഷകരായി' പ്രഖ്യാപിക്കുന്നു.

**1853 - ൽ ഒരു കത്തോലിക്കാ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്ത് സ്ഥാപിച്ചു.**

Faith FORMATION





## നാലു റീജിയനുകൾ.

ഭരണസൗകര്യം അടിസ്ഥാനമാക്കി സുറിയാനി കത്തോലിക്കാ സമൂഹത്തെ നാലു റീജിയനുകളാക്കിത്തിരിച്ചു. ഓരോറീജിയനും ഓരോ ദപ്പുദാരി(ഡപ്യൂട്ടി ഓഫ് വികർ ജനറൽ)ന്റെ കീഴിലാക്കി. പ്രസിദ്ധരും പണ്ഡിതരുമായ കർമ്മലീത്താ വൈദികരായിരുന്നു ദപ്പുദാർമാർ. നാല്പതോളം പള്ളികളാണ് ഓരോ ദപ്പുദാറിന്റെയും കീഴിൽ ഉണ്ടായിരുന്നത്.

## ഇടവക വൈദികരുടെ ധ്യാനം

സുറിയാനി ഇടവകപ്പള്ളികളിലെ വികാരിമാർക്കു വാർഷിക ധ്യാനം നിർബന്ധമാക്കിയത് ചാവറയച്ചനാണ്. ആധ്യാത്മിക അഭിവൃദ്ധിയാണ് വൈദികനും അദ്ദേഹം ഭരമേറ്റിരിക്കുന്ന ജനങ്ങൾക്കും ഒന്നാമതായി വേണ്ടത്. ധ്യാനം കൊണ്ടും പ്രാർത്ഥന കൊണ്ടും അതു നേടിയെടുക്കാൻ കഴിയണം. അതാണ് പ്രഥമവും പ്രധാനവുമായതെന്ന് വികാരി ജനറാൾ വിശ്വസിച്ചു. കർമ്മലീത്താ സഭയിലെ പ്രശസ്തരായ വൈദികരായിരുന്നു ധ്യാന ഗുരുക്കന്മാർ. രണ്ടു ബാച്ചുകളിലായി രണ്ടു കേന്ദ്രങ്ങളിൽ വച്ചായിരുന്നു ധ്യാനം. വാർഷിക ധ്യാനത്തിൽ സംബന്ധിക്കാത്ത വികാരിമാർക്ക് അംശമുടക്കു കല്പിച്ചിരുന്നു. ഏതെങ്കിലും കാരണത്താൽ കൂട്ടത്തിൽ വന്നു ധ്യാനിക്കുവാൻ കഴിയാത്തവർ നിശ്ചിത തിയതിക്കു മുൻപ് ഏതെങ്കിലും ഒരു കർമ്മലീത്താ ആശ്രമത്തിൽപ്പോയി വാർഷിക ധ്യാനം നടത്തിക്കൊള്ളണമെന്നും ധ്യാനിച്ച വിവരം അരമനക്കച്ചേരിയിൽ അറിയിക്കണമെന്നും കല്പന കൊടുത്തിരുന്നു. ഏകദേശം ഒന്നര നൂറ്റാണ്ടു മുൻപ് ആസൂത്രണം ചെയ്ത വാർഷിക ധ്യാന പദ്ധതി ഇന്നും സുറിയാനി കത്തോലിക്കാ സഭയിൽ അഭംഗുരം പാലിക്കപ്പെടുന്നുണ്ട്.



# വെളിച്ചം

(ആത്മാനുതാപത്തിൽ പാപങ്ങളോർത്തു വിലപിക്കുന്ന ആത്മാവിന്റെ മിഴിവാർന്ന ചിത്രം ചാവറയച്ചൻ വരച്ചുകാട്ടുന്നുണ്ട്)

വെൺമയുള്ള ആത്മാവോടെ നടക്കുവാനായി നീ തന്ന നന്മയുടെ വെള്ള വസ്ത്രം ബുദ്ധിശൂന്യനും പാപിയുമായ ഞാൻ നഷ്ടമാക്കി. എന്നെക്കാണുന്ന ആളുകൾ എന്റെ സന്മാതൃക കണ്ട് നിന്നെ സേവിക്കുന്നതിനുവേണ്ടി, മാർഗം തെളിക്കുന്ന പന്തം എനിക്കു നൽകി. കഷ്ടം! ഞാൻ വളർന്നപ്പോൾ എന്റെ വിളക്കിൽ നെയ്യും അഗ്നിയും ഇല്ലാതായി. എന്റെ പന്തം നീറിപ്പുകയുന്നതായി ഞാൻ കണ്ടു. ഇതുപോലെയുള്ള ഒരു ദൗർഭാഗ്യം ഈ ലോകത്തിൽ മറ്റ് ആർക്കാണുണ്ടായിട്ടുള്ളത്. അല്പനും അഹങ്കാരിയുമായ ഞാൻ എന്റെ വെളിച്ചം കെടുത്തിക്കളഞ്ഞിരിക്കുന്നു.!



## ചാവറ അച്ചന്റെ ആധ്യാത്മികത ചുരുക്കത്തിൽ:

**സ്മരിക്കലും, ജ്വലിക്കലും:** ദൈവം നൽകിയ നിരവധി ദാനങ്ങൾക്ക് എപ്പോഴും നന്ദി പറയുകയും, ദൈവ സ്നേഹത്തിൽ ജ്വലിക്കുകയും ചെയ്യുക.

**സ്മരിക്കലും, തപിക്കലും:** സ്വന്തം പാപങ്ങളെ സ്മരിക്കുകയും ദൈവത്തെ വേദനിപ്പിച്ചതിൽ പശ്ചാത്തപിക്കുകയും ചെയ്യുക.

**സ്മരിക്കലും, ഉജ്ജ്വലിക്കലും:** താൻ ദൈവത്തോട് അവിശ്വസ്തത കാണിച്ചുവെങ്കിലും, ദൈവം തന്നെ ശപിക്കതെ തനിക്കു ധാരാളം അനുഗ്രഹങ്ങൾ നൽകി. ദൈവത്തിന്റെ ആ സ്നേഹത്തെ ഓർത്ത് കൂടുതൽ ഉജ്ജ്വലിക്കുക.

**തുനിയലും ഇറങ്ങലും:** ദൈവം തനിക്കു തന്ന നിരവധി നന്മകളെയും കഴിവുകളേയും ഓർത്ത് മനുഷ്യന്റെ നന്മക്കായി, അവയെ പ്രയോജനപ്പെടുത്തുവാൻ ഇറങ്ങി പുറപ്പെടുക.


ചാവറ അച്ചന്റെ ആദ്ധ്യാത്മികതയുടെ ആകെത്തുക: പ്രാർത്ഥനയും പ്രവർത്തനവും ആയിരുന്നു. വെറും അറുപത്തി ആറു വർഷത്തെ ഈ ലോക ജീവിതത്തിനിടയിൽ നാലു പുരുഷായുസ്സുകൾക്കൊണ്ടു പോലും ചെയ്തു തീർക്കുവാൻ പറ്റാത്തത്ര കാര്യങ്ങളാണത്രെ ചാവറ പിതാവ് ദൈവമഹത്വത്തിനും, ദൈവ ജനത്തിന്റെ നന്മക്കും വേണ്ടി ചെയ്തു കൂട്ടിയത്.



# മരണത്തിനൊരുക്കം

കൈനകരിക്കാർക്ക് എഴുതുന്ന രണ്ടാമത്തെ കത്തിൽ നന്മരണത്തിന് ഒരുങ്ങുന്നതിനെക്കുറിച്ച് ചാവറയച്ചൻ പറയുന്നുണ്ട്. ബൈബിളിലെ ക്രിസ്തുവിന്റെ വചസുകൾ പൂവിൽ മധു പോലെ ചാവറയച്ചന്റെ ഹൃദയത്തിൽ തങ്ങിനിന്നുവെന്ന് ഈ ഭാഗം കാണിക്കുന്നു. "കുപ്പായത്തിനും ശരീരത്തിനും കൂടി ഒന്നിച്ച് മോശം കണ്ടാൽ കുപ്പായത്തെ ഉപേക്ഷിക്കുക. ശരീരത്തിനും ആത്മാവിനും കൂടി മോശം നേരിട്ടാൽ ശരീരത്തെ ഉപേക്ഷിച്ച് ആത്മാവിനെ കാക്കുക. എന്തുകൊണ്ടെന്നാൽ ഇവ രണ്ടും ഒരിക്കൽ അഴിയാനുള്ളതാണ്."

നന്മരണ സഖ്യക്കാർക്കു നൽകുന്ന ഉപദേശം നല്ല മരണത്തിനായി മറ്റുള്ളവരെ ഒരുക്കുന്നതിനാണ്. ഈ മനോഗുണപ്രവൃത്തി ചെയ്യുന്നതത്രേ സഭക്കാരുടെ കാതലായ തൊഴിൽ. അതായത് ഒരുത്തന്റെ ഉപദേശത്താലും ഉത്സാഹത്താലും ഗുണദോഷത്താലും മറ്റൊരാൾക്ക് മരണം ലഭിച്ച് അവരു രക്ഷപെട്ട് മോക്ഷത്തിൽ കരേറിയാൽ ഇതിന്റെ കാരണക്കാരാനായവന്റെ ആത്മരക്ഷയും നിശ്ചയം തന്നെ. രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിന്റെ വൈശിഷ്ട്യത്തെക്കുറിച്ചുള്ള യാക്കോബിന്റെ ഉദ്ബോധനം ചാവറയച്ചന്റെ മനസ്സിൽ നിറഞ്ഞുനിന്നിരിക്കണം(യാക്കോബ് 5:20)



# വീരോചിത പുണ്യം

നാമകരണവേളയിൽ മാർപ്പാപ്പാ ഇങ്ങനെ പ്രഖ്യാപിച്ചു.

വിശ്വാസം ശരണം ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം എന്നീ ദൈവിക പുണ്യങ്ങളും വിവേകം, നീതി, അടക്കം, ആത്മധൈര്യം എന്നീ വിശേഷവിധ പുണ്യങ്ങളും, അവയോടു ചേർന്നു മറ്റു പുണ്യങ്ങളും ചാവറ കുറിയാക്കോസ് ഏലിയസച്ചൻ വീരോചിതമായി അഭ്യസിച്ചിരുന്നുവെന്ന് തിരുസംഘത്തിന് ബോധ്യമായിട്ടുണ്ട്. ഇക്കാര്യം നാം ഇന്ന് പ്രഖ്യാപിക്കുന്നു.

എന്ന് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ.



# തിരുശേഷിപ്പുകൾ

ചാവറയച്ചന്റെ ആധ്യാത്മിക ഗുരുവും സന്തത സഹചാരിയുമായിരുന്ന ലെയോപോൾദ് പാതിരി ചാവറയച്ചനെക്കുറിച്ച് ഏറെ ബഹുമാനം പുലർത്തിയ വ്യക്തിയായിരുന്നു. അദ്ദേഹം നിശ്ചയമായും ഒരു വിശുദ്ധനായിരുന്നുവെന്ന് ലെയോപോൾദ് മൂപ്പച്ചൻ വിചാരിച്ചു. ചാവറപ്പിതാവ് ദിവംഗതനായ ഉടനെ അദ്ദേഹത്തിന്റെ ഉടുപ്പുകളും പെരുമാറ്റ സമാനങ്ങളും ശേഖരിച്ച് അന്നുണ്ടായിരുന്ന അഞ്ചു കൊവേന്തകൾക്കായി അവ വീതിച്ചു കൊടുക്കുകയും ചെയ്തു. ചാവറയച്ചനെക്കുറിച്ച് തങ്ങൾക്കറിവുള്ള കാര്യങ്ങൾ രേഖപ്പെടുത്തി തന്നെ ഏൽപിക്കണമെന്ന് കർമ്മലീത്താ സഭയിലെ എല്ലാ വൈദികർക്കും സന്യസ്തർക്കും കത്തുമൂലം അറിയിപ്പു കൊടുത്തിരുന്നു. പലസ്ഥലങ്ങളിൽ നിന്നും കിട്ടിയ വിവരങ്ങളും തന്റെ അനുഭവങ്ങളും ചേർത്ത് മിഷനറി ചാവറയച്ചന്റെ ജീവചരിത്രം തയ്യാറാക്കി. അദ്ദേഹം മരണമടഞ്ഞ 1871–ൽത്തന്നെ ആ ലഘുഗ്രന്ഥം കൂനമ്മാവ് അമലോത്ഭവമാതാവിന്റെ അച്ചുകൂടത്തിൽനിന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.




# നിത്യാരാധന

മാന്നാനത്ത് ആദ്യമായി മുദ്രണാലയം സ്ഥാപിച്ചത് ചാവറയച്ചനാണ്. ക്രിസ്തീയ ജീവിതപരിപോഷണത്തിനുതകുന്ന നല്ല പുസ്തങ്ങൾ മലയാളത്തിലുണ്ടാകണമെന്ന വാഞ്ഛയാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നത്. മാന്നാനം പ്രസ്സിൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയ ജ്ഞാനപീയൂഷവും ദിവ്യമാതൃകയുമാണ് ആദ്യഗ്രന്ഥങ്ങൾ. ദിവ്യമാതൃകയുടെ രചയിതാവ് ചാവറയച്ചൻ തന്നെആയിരുന്നു. തുടർന്ന് അദ്ദേഹം തന്നെ എഴുതിയ 'ജ്ഞാനപ്രജാഗരകം' 'ഗൃഹസ്ഥധർമ്മോദയം' ജ്ഞാനനവരത്നം' തുടങ്ങിയ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു. ജനങ്ങളുടെ ആധ്യാത്മിക ജീവിതത്തിനു വളരെയേറെ പ്രചോദനം നൽകിയിട്ടുള്ള ഒരു ഗ്രന്ഥമാണ് നിത്യാരാധന. ഇത് പ്രാർത്ഥനയ്ക്കുപുറമേ ഒരു മതവിജ്ഞാനീയ ഗ്രന്ഥം കൂടിയാണ്. കഴിഞ്ഞ മുപ്പത്തിയഞ്ചു പതിപ്പുകളിലായി ഒരു ലക്ഷത്തിനാല്പതിനായിരം കോപ്പികൾ നിത്യാരാധനയ്ക്ക് ഉണ്ടായിട്ടുണ്ട്. ചാവറയച്ചൻ തന്നെ എഴുതിയിട്ടുള്ള വണക്കമാസഗ്രന്ഥങ്ങൾ, പതിനേഴു പതിപ്പുകളിലായി ഒന്നരലക്ഷം കോപ്പികൾ വിറ്റഴിഞ്ഞ നല്ല അപ്പന്റെ ചാവരുകൾ , ആത്മാനുതാപം, മരണവീട്ടിൽ പാടുന്നതിനുള്ള് പാന, അനസ്താസ്യായുടെ രക്തസാക്ഷ്യം തുടങ്ങിയ കാവ്യ കൃതികൾ എന്നിവയെല്ലാം ചാവറയച്ചന്റെ അതുല്യ പ്രതിഭയുടെ ശാശ്വതപ്രഭാകിരണങ്ങളാണ്.




## ചാവറയച്ചന്റെ വംശാവലി






# ഒരമ്മയുടെ മക്കൾ

സഭാംഗങ്ങൾ തമ്മിൽ ഉണ്ടായിരിക്കേണ്ട സ്നേഹത്തെ കടുത്തചായത്തിലാണ് ചാവറയച്ചൻ വരച്ചു കാട്ടുന്നത്."പ്രിയമുള്ള കൂടപ്പിറപ്പുകളായ ബഹുമാനപ്പെട്ട (ഓരോരോ കൊവേന്തകളുടെ) വികാരിഅച്ചൻമാർ പട്ടാംഗത്തായുള്ള (സത്യമായ) ഉപവിയും കെട്ടുപാടും പുലർത്തണം. എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട് , ഒരമ്മയുടെ ഉദരത്തിൽപ്പിറന്ന് ആ അമ്മയുടെ പാൽ കുടിച്ചുവളർന്നവർ എന്നതിൻ വണ്ണമുള്ള പട്ടാംഗയായുള്ള സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ അതു വർദ്ധിച്ചു വരാൻ പ്രവർത്തിക്കണം. ഇത് എത്രയും വലിയ ഗുണമാണെന്ന് ഓർക്കണം.ഈ സ്നേഹം എപ്പോഴെങ്കിലും കുറഞ്ഞുപോകാതിരിക്കുന്നതിന് ഓരോരോ കൊവേന്തകളുടെ ആവശ്യങ്ങൾ അതാതു കൊവേന്തകൾ അന്വേഷിച്ചു വരുന്നതിൽ കൂടുതൽ താല്പര്യത്തോടെ, മറ്റുകൊവേന്തകളുടെ പ്രിയോരന്മാർ അപേക്ഷിക്കുന്ന കാര്യങ്ങളെ നടത്തിക്കൊടുക്കാൻ ശ്രമിക്കണം"


Saint Chavara's Signature




# പഠനം

ചാവറ കുറിയാക്കോസ് അച്ചനെഴുതിയ ആത്മാനുതാപം എന്ന ഗ്രന്ഥത്തിന് മുഖവുര എഴുതിയിട്ടുള്ളത് അദ്ദേഹത്തിന്റെ ആദ്ധ്യാത്മ ഗുരുവായ ലെയോപോൾദ് മിഷനറി ആണ്. ചാവറയച്ചനെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുള്ളത് നോക്കുക.

"പഠിത്തമില്ലാത്ത പട്ടക്കാരൻ ശേഷം പേരുടെ ആത്മത്തിന് ഉപകാരമില്ലാത്തവനാകുന്നതല്ലാതെ നിത്യനാശത്തിനു കാരണക്കാരനാകാൻ ഇടയുള്ളതുമാകുന്നു. ഇക്കാര്യം നമ്മുടെ പുതു ശെമ്മാശന് വഴിപോലെ ബോധ്യമായി. ആസ്ഥപ്പാടുപട്ടം ഏറ്റനാൾ തുടങ്ങി എറ്റ മേറ്റമായി പഠിത്തം കൊണ്ട് തക്ക ദൈവ ഊഴിയക്കാരനാകുവാൻ ഉത്സാഹിക്കയും പ്രയത്നപ്പെടുകയും ചെയ്തു.

ഇപ്പോഴും ജീവിച്ചിരിക്കുന്ന അയാളുടെ സെമിനാരിക്കൂട്ടരായ കത്തനാരച്ചൻമാർ സാക്ഷിക്കുംവണ്ണം കൊച്ചു കുറിയാക്കോസ് ദൈവ ഊഴിയത്തിന്റെ ലാക്കല്ലാതെ മറ്റൊരു വിചാരവും കൂടാതെ പഠിത്തത്തിലും ദൈവപേടിയിലും വിശേഷ താത്പര്യമുള്ളവനായിരുന്നു. കൂട്ടുകാരോടെല്ലാവരോടും ഉപവിയും സന്തോഷവുമായി, ചെറുപ്പക്കാർക്ക് എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു.( ആത്മനുതാപം മുഖവുര പേജ് 2)



ഇയർ ബാലൻസിങ്ങ് പ്രശ്നംമൂലം 6 വർഷമായി മരുന്നുകൾ മുടങ്ങാതെ കഴിച്ചുകൊണ്ടിരുന്ന സഹോദരൻ അസുഖം ഭേദപ്പെട്ട് മരുന്നുകൾ നിർത്തുന്നതിനായി കബറിടത്തിൽ വന്ന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി 6 വർഷമായി ഉണ്ടായിരുന്ന അസുഖം പൂർണ്ണമായിമാറുകയും മരുന്നു നിർത്തുന്നതിനും സാധിച്ചു. നന്ദി പറയുന്നു എം.ജെ. കുര്യൻ അതിരമ്പുഴ.

വളരെ മരുന്നുകൾ ചെയ്തിട്ടും കൈവിരൽ നഖം പഴുക്കുന്ന രോഗം രണ്ടുവർഷമായിട്ടും കുറയാതെ വന്നപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി രോഗം സുഖപ്പെട്ടതിനും കാലിന് ബലക്കുറവുണ്ടായിരുന്ന കൊച്ചുമകന് സൗഖ്യം ലഭിച്ചതിനും നന്ദി പറയുന്നു ലീല മരങ്ങോലി.

ഡയബറ്റിക് പേഷ്യന്റായ പിതാവിന്റെ കാലിൽ ഉണ്ടായ മുറിവ് രണ്ടുമാസമായിട്ടും കരിയാതെ ഇൻഫെക്ഷനായി നടക്കുവാനാകാതെ ആശുപത്രിയിലാവുകയും ചെയ്ത സന്ദർഭത്തിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി മുറിവ് കരിഞ്ഞ് നടക്കുവാൻ സാധിച്ചതിന് നന്ദി പറയുന്നു മരിയ അമ്മഞ്ചേരി.

അമ്മയുടെയും മകളുടെയും കഴുത്തിലുണ്ടായിരുന്ന മുഴ ഓപ്പറേഷൻ കൂടാതെ സുഖപ്പെട്ടതിനും യാതൊരു തടസ്സങ്ങളും കൂടതെ വീടുപണി പൂർത്തിയാക്കി അതിൽ താമസിക്കുന്നതിനുള്ള അനുഗ്രഹം ലഭിച്ചതിനും നന്ദി പറയുന്നു ചിന്നമ്മ പുന്നത്തുറ.

ശരീരത്തിൽ വിട്ടുമാറാതെ പരു വരുന്നതിനാൽ ഇരിക്കുവാൻപോലും സാധിക്കാതെ വളരെ വേദന അനുഭവിച്ചപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും അനുഗ്രഹം ലഭിച്ചാൽ കബറിടത്തിനുചുറ്റു 9 പ്രാവശ്യം നീന്തി സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്ന് നേർന്ന് പ്രാർത്ഥിച്ചതിനുശേഷം പിന്നീട് പരു വന്നിട്ടില്ല നന്ദി അറിയിക്കുന്നു ബിന്നി ആന്റണി അമലഗിരി

ജോബി എന്ന സഹോദരന് ലഭിച്ച അനുഗ്രഹം. ആയുർവേദ ചികിത്സയ്ക്കായി ഭാര്യയെ തിരുമ്മുകേന്ദ്രത്തിൽ പ്രവേശിപ്പിച്ചിരുന്ന സമയത്ത് മകന് ഫിറ്റ്സ് ഉണ്ടാവുകയും ഇ.ഇ.ജി. ടെസ്റ്റ് നിർദ്ദേശിക്കപ്പെടുകയും ചെയ്തതറിഞ്ഞ് ഭാര്യയുടെ മനോനില തെറ്റി തിരുമ്മുകേന്ദ്രത്തിൽ നിന്നും ചികിത്സപൂർത്തിയാക്കാതെ കൊണ്ടുപോന്ന് മാനസിക ചികിത്സനടത്തേണ്ട അവസ്ഥയിലായി. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം തേടി കബറിടത്തിൽ വന്ന് പ്രാർത്ഥിക്കുകയും ബ. അച്ചൻ തലയിൽ കൈവച്ച് പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി ഭാര്യയുടെ മാനസികബുദ്ധിമുട്ട് മാറുകയും മകന്റെ ഇ.ഇ.ജി. പരിശോധനാഫലം നോർമൽ ആണെന്നും അറിഞ്ഞു. നന്ദി പറയുന്നു ജോബിയും കുടുംബവും.



Prepared by Dr. Kosey